**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3725** **12-03-2025 - ൽ മറുപടിയ്ക്ക്**

**പേരാമ്പ്ര മണ്ഡലത്തിലെ കായിക വകുപ്പിന്റെ പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. ടി. പി .രാമകൃഷ്ണൻ** | | **ശ്രീ. വി. അബ്ദുറഹിമാൻ (ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി)** | |
| (എ) | പേരാമ്പ്ര മണ്ഡലത്തിൽ 2016 മുതൽ 2025 വരെ എന്തെല്ലാം പദ്ധതികളാണ് കായിക വകുപ്പ് അനുവദിച്ചിട്ടുള്ളതെന്നും അവയിൽ ഏതെല്ലാം പദ്ധതികൾ പൂർത്തിയായിട്ടുണ്ടെന്നും വിശദമാക്കാമോ; | (എ) | 2016-21 കാലഘട്ടത്തിൽ പേരാമ്പ്ര മണ്ഡലത്തിൽ കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തി മേപ്പയ്യൂർ സ്കൂൾ സ്റ്റേഡിയത്തിനായി 05.05.2018 ലെ സർക്കാർ ഉത്തരവ് (സാധാ) നം. 89/2018/കാ.യു.വ പ്രകാരം 10 കോടി രൂപയുടെ ഭരണാനുമതിയാണ് നൽകിയിരുന്നത്. ടി പ്രവൃത്തിക്ക് 13.11.2018 ലെ SYA007-01-PA-01 പ്രകാരം കിഫ്ബിയിൽ നിന്നും 6.45 കോടി രൂപയുടെ അംഗീകാരം ലഭിക്കുകയും പ്രസ്തുത പ്രവൃത്തി എസ്.പി.വി ആയ കിറ്റ്കോ മുഖാന്തിരം പൂർത്തീകരിച്ചിട്ടുമുണ്ട്. |
| (ബി) | പ്രസ്തുത മണ്ഡലത്തിൽ നിലവിൽ എന്തെല്ലാം പദ്ധതികളാണ് പരിഗണനയിലിരിക്കുന്നതെന്നും അവയിൽ ഏതെല്ലാം പദ്ധതികൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ടെന്നും വിശദമാക്കാമോ? | (ബി) | ഒരു പഞ്ചായത്തിൽ ഒരു കളിക്കളം പദ്ധതിയിൽ ഉൾപ്പെടുത്തി ഭേദഗതി വരുത്തിയ ലിസ്റ്റിലെ ക്രമ നമ്പർ 90 ആയി കോഴിക്കോട് ജില്ലയിലെ പേരാമ്പ്ര മണ്ഡത്തിലെ നൊച്ചാട് ഗ്രാമപഞ്ചായത്ത് (വാർഡ്-1) കളിക്കളം ഉൾപ്പെട്ടിട്ടുണ്ട്. എം.എൽ.എ ഫണ്ട് വിഹിതം അനുവദിച്ചുകൊണ്ട് എം.എൽ.എയുടെ ശുപാർശയോ, കത്തോ, ജില്ലാ കളക്ടറുടെ ഉത്തരവോ ലഭ്യമായാലുടൻ കായിക വകുപ്പിന്റെ പ്ലാൻ ഫണ്ട് വിഹിതം കൂടി ഉൾപ്പെടുത്തി ഭരണാനുമതി നൽകുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ